### കള്ളുചെത്തുമേഖലയെ സംരക്ഷിക്കാൻ പ്രത്യേക ബോർഡ്

# നീര ഉൽപാദനം: അപേക്ഷിക്കുന്നവർക്കെല്ലാം ലൈസൻസ്

തിരുവനന്തപുരം: നീര ഉൽപാദനം സംബന്ധിച്ച് നിലനിന്നിരുന്ന അവ്യക്തതകൾ നീങ്ങി. ഫെഡറേഷനുകൾ ഉൾപ്പെടെ അപേക്ഷിക്കുന്ന എല്ലാ ഏജൻസികൾക്കും നീരയുൽപാദനത്തിന് ലൈസൻസ് നൽകാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കൃഷി-എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനമായി. കള്ളുചെത്ത് തൊഴിലാളികളുടെ സംരക്ഷണാർത്ഥം ടോഡി ബോർഡ് രൂപീകരിക്കാനും യോഗത്തിൽ തീരുമാനമായി.

നീര ഉൽപാദനത്തിന് എക്സൈസ് വകുപ്പിൽ നിന്നും ലൈസൻസ് നൽകുമെന്ന് യോഗത്തിന് ശേഷം മന്ത്രിമാരായ കെ.ബാബുവും കെ.പി മോഹനനും വാർത്താലേഖകരെ അറിയിച്ചു. ഇത് സംബന്ധിച്ച് കൃഷി-എക്സൈസ് വകുപ്പുകൾ തമ്മിൽ ചില ആശയക്കുഴപ്പങ്ങൾ നിലനിന്നതൊഴിച്ചാൽ വകുപ്പുകൾ തമ്മിൽ ഇക്കാര്യത്തിൽ തർക്കമൊന്നുമില്ലെന്നും മന്ത്രിമാർ അറിയിച്ചു. അപേക്ഷിച്ചിരുന്ന 362 ൽ 173 പേർക്കാണ് ഇതുവരെ ലൈസൻസ് നൽകിയത്. ബാക്കിയുള്ളവർക്കും എത്രയും വേഗം ലൈസൻസ് നൽകും. പരമ്പരാഗത കള്ളുചെത്ത് തൊഴിലാളികൾക്ക് നീര ലൈസൻസ് നൽകുന്നതിന് മുൻഗണന നൽകും. ബജറ്റിൽ നീര കർഷകർക്കായി അനുവദിച്ച 15 കോടിയിൽ 3.50 കോടി രൂപ ഇതിനായി നൽകും. നീരയുടെ പ്രോത്സാഹനാർത്ഥം നീര വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. നാളികേരത്തിൽ നിന്നുള്ള മൂല്യാധിഷ്ടിത ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിൽ വ്യാപകമായി പ്രചാരം ലഭിച്ച സാഹചര്യത്തിൽ നീരയിൽ നിന്നും മൂല്യാധിഷ്ടിത ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിന് പ്രോത്സാഹനം നൽകും. കൃഷി വകുപ്പ് സ്വീകരിച്ച വിവിധ നടപടികളിലൂടെ നാളികേര കർഷകർക്ക് ആത്മവിശ്വാസം പകരാനായി. 12 രൂപയായിരുന്ന ഒരു കിലോ പച്ചത്തേങ്ങ 28 രൂപക്കാണ് സർക്കാർ ഇപ്പോൾ സംഭരിക്കുന്നതെന്നും മോഹനൻ അറിയിച്ചു.